പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) അടുത്ത വർഷത്തിൽ എടുക്കാൻ ഉദ്ദേശിക്കുന്ന വർക്കുകളുടെ ഒരു ലിസ്റ്റു തയ്യാറാക്കി വരുന്നതേയുള്ളൂ;

(ബി) ഒല്ലൂർ കണിമംഗലം തോടിന്റെ ജോലി ആരംഭിക്കുന്നതിനു് നടപടികൾ എടുത്തുവരികയാണു്. കനോലി കനാലിൽനിന്നു് കുന്നംകുളത്തേക്കു് തോടുവെട്ടുന്ന ജോലി മൂന്നാം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ടി. എസ്സു്. കനാലിൽ മണ്ണുകയറുന്നതു തടയാനുള്ള നടപടി എടുക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ: ചില സ്ഥലങ്ങളിൽ ഇപ്പോൾത്തന്നെ അതു തടയുന്നതിനുള്ള പണി നടത്തുന്നുണ്ടു്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വലിയ വള്ളങ്ങൾക്കുകൂടി പോകാൻ സൗകര്യമുണ്ടാകത്തക്കവിധത്തിൽ ഈ പണി നടത്തുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : ഏതു സ്ഥലത്തെ ഉദ്ദേശിച്ചാണു് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതെന്നു പറഞ്ഞാൽ അതിനെക്കുറിച്ചു നടപടി എടുക്കാം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : വർക്കല തോടിനെ ഉദ്ദേശിച്ചാണു പറയുന്നതു്.

ശ്രീ. പി. പി. ഉമ്മർകോയ : അതു പരിശോധിക്കാം.

ശ്രീമതി ഓ. ടി. ശാരദാകൃഷ്ണൻ : കനോലി തോടിന്റെ വടക്കുഭാഗത്തു് വീതികൂട്ടുമ്പോൾ ആഴം കൂട്ടുന്ന ഭാഗത്തു് മണ്ണുവന്നു വീഴുന്നുണ്ടു്. അങ്ങനെ വീഴുന്ന മണ്ണു് അവിടെ നിന്നും നീക്കം ചെയ്യാൻ നടപടിയെടുക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ : അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. ആർ. സുഗതൻ :ചാവറത്തോട്ടിൽ ബോട്ടു ഓടുമ്പോൾ തോടിന്റെ ഇരുവശങ്ങളിൽ നിന്നും മണ്ണിടിഞ്ഞു വീഴുന്നുണ്ടു്. ആ മണ്ണു് നീക്കം ചെയ്യാത്തതുകൊണ്ടു് വഞ്ചി യാത്രക്കാർക്കു് വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ടു്. അതുകൊണ്ടു് ആ മണ്ണു് അവിടെ നിന്നും നീക്കം ചെയ്യുന്ന കാര്യം ആലോചിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ : അതിനെക്കുറിച്ചു അന്വേഷിക്കാം.

കാർഷികോല്പന്ന വിപണനത്തെ സംബന്ധിച്ച പഠനസംഘം

* 155. [11] ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികോല്പന്ന വിപണനത്തിൽ മദ്ധ്യവർത്തികൾ കൊള്ളലാഭം എടുക്കുന്നതു തടയാനുള്ള മാർഗ്ഗം ആരായാൻ സ്റ്റേറ്റു ഗവണ്മെന്റു വല്ല നടപടിയും എടുത്തിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം :

(ബി) ഇതു സംബന്ധിച്ചു് ഒരു പഠനസംഘത്തിന്റെ പ്രവർത്തനം സ്റ്റേറ്റിൽ നടത്തുന്നുണ്ടോ ;

(സി) ഈ പഠനസംഘം റോബസ്റ്റാകാപ്പിയുടെ വിലയെ സംബന്ധിച്ചുകൂടി അന്വേഷണം നടത്തുവാൻ നിർദ്ദേശിക്കാമോ ;

(ഡി) കാപ്പി ഒരു ടണ്ണിനു് ഉല്പാദകനു് 2,000 ഉറുപ്പിക മാത്രം കിട്ടുമ്പോൾ ഉപഭോക്താക്കൾ മുഖേന ടണ്ണിനു 5,000 ഉറുപ്പിക കൊടുക്കുന്നുവെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) മദ്ധ്യവർത്തികൾ കൊള്ളലാഭം എടുക്കുന്നതു തടയാൻ മാർക്കറ്റിംഗു് സഹകരണസംഘങ്ങൾ സ്ഥാപിക്കുക, മാർക്കറ്റു നിലവാരത്തെക്കുറിച്ചും മറ്റുമുള്ള വിവരങ്ങൾ പ്രസിദ്ധീകരിക്കുക, റഗുലേറ്റിംഗു് മാർക്കറ്റു സ്ഥാപിക്കുക മുതലായ നടപടികൾ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നാഷണൽ കോവാപ്പറേറീവ് ഡവലപ്പ്മെൻറ് കാപ്പ്റേഷൻ, കോവാപ്പറേറീവ് മാർക്കറിംഗിനെ സംബന്ധിച്ച പ്രശ്നങ്ങൾ പരിശോധിക്കുന്നതിനായി നിയോഗിച്ചതായ പഠനസംഘം താമസിയാതെ ഇവിടെയെത്തി പഠനം തുടങ്ങുന്നതാണ്.

(സി) കാപ്പിയുടെ സംഭരണവും, വിപണനവും ഇൻഡ്യൻ കാഫി ബോർഡാണ നടത്തുന്നത്. അതിനാൽ ഈ പഠനസംഘത്തിനു് ഇതിലൊന്നും ചെയ്യാനില്ല.

(ഡി) ഇല്ല. 1962-63 വർഷത്തിൽ ഉല്പാദകർക്കുള്ള വില മുഴുവനും തിട്ടപ്പെടുത്തിയിട്ടില്ലെന്നാണറിയുന്നത്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : കാർഷിക വിളകളെ സംബന്ധിച്ചും, വാണിജ്യവിളകളെ സംബന്ധിച്ചും ഗവണ്മെൻറ് അനാസ്ഥാഭാവം കൈക്കൊള്ളുന്നതെന്നും, അവരുടെ ഇടയിലുള്ള കൊള്ളലാഭത്തെ തടയുന്നതിനുള്ള കാര്യം ഗവണ്മെൻറ് ശ്രദ്ധയിൽ എടുക്കേണ്ടതാണെന്നും കരുതുന്നുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : കാപ്പിയുടെ കാര്യത്തിലുള്ള കൺട്രോളും മറ്റും ഇൻഡ്യൻ കാഫി ബോർഡാണ നടത്തുന്നത്. സംസ്ഥാന ഗവണ്മെൻറിനു് ഇതിൽ കൂടുതലൊന്നും ചെയ്യാനില്ല.

ഡാ : കെ. എം. ചാക്കോ : പുതിയതെലത്തിനു് ഇപ്പോഴും ഈ സഹായമൊന്നും ചെയ്യാത്തതുകൊണ്ടു് കൃഷിക്കാർക്കു് ബുദ്ധിമുട്ടുള്ളകാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : പ്രോദ്യം കാപ്പിയെ സംബന്ധിച്ചുള്ളതാണു്. ഇപ്പുഞ്ചിൽതൈലത്തിൻെറ കാര്യം ഇതിൽ വരുന്നില്ല. എങ്കിലും ചോദിച്ച സ്ഥിതിക്കു് മറുപടി പറയുകയാണു്. ഇഞ്ചിപ്പുൽതൈലത്തിൻെറ കാര്യം കേന്ദ്രഗവണ്മെൻറിനെ അറിയിക്കുന്നുണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പ് : മദ്ധ്യവർത്തികളും കൊള്ളലാഭം എടുക്കുന്നതു തടയാൻ മാർക്കറിംഗ് സൊസൈറ്റികളും പ്രവർത്തിക്കുന്നുണ്ടെന്നു പറഞ്ഞു. പല മാർക്കറിംഗ് സൊസൈറ്റികളും വളരെ കാര്യക്ഷമതയില്ലാതെയാണു് പ്രവർത്തിക്കുന്നതെന്നും ഈ പദ്ധതിക്കാലത്തു് അനുവദിച്ച ഷെയർ മൂലധനം വാങ്ങുവാൻ പോലും ചില സൊസൈറ്റികൾക്കു് ത്രാണി ഉണ്ടായിരുന്നില്ലെന്നും ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസ് : അതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. കഴിയുന്ന വേഗത്തിൽ അതു് കുറെക്കൂടി 'സ്ട്രെങ്തൻ' ചെയ്യുവാൻ കഴിയുമെന്നു വിചാരിക്കുന്നു.

ശ്രീ. ഈ. പി. ഗോപാലൻ : കഴിഞ്ഞ ഏതാനും കൊല്ലങ്ങളായി മാർക്കറിംഗ് സൊസൈറ്റി മുഖാന്തിരം ഉല്പാദകർ ഉല്പാദിപ്പിക്കുന്ന സാധനങ്ങൾക്കു ന്യായമായ വിലയ്ക്കു വിറ്റു് പണംകൊടുക്കുക എന്ന സമ്പ്രദായം മലബാർ ഭാഗത്തു് ഉണ്ടായിരുന്നില്ലെന്ന വസ്തുതയെ പരിഗണിച്ചു് ഈ കൃഷിക്കാർക്കു് അതാതു സമയത്തു് അവരുടെ ഉല്പന്നങ്ങൾക്കു് വില കിട്ടുവാനുള്ള മാർഗ്ഗം എന്തെങ്കിലും ഉണ്ടാക്കാമോ ?

ശ്രീ. ഈ. പി. പൗലോസ് : സ്റ്റേറ്റു ഗവണ്മെൻറു് ഇതു സംബന്ധിച്ചു ചെയ്തിട്ടുള്ള കാര്യങ്ങളാണു് ഞാൻ പറഞ്ഞതു്. കാഫി ബോർഡാണു് ഇതു സംബന്ധിച്ചു കൂടുതലായി പ്രവർത്തിക്കുന്നതു്. അവർ പ്രവർത്തിക്കുന്നതു് ഒരു ആക്ടിൻെറ അടിസ്ഥാനത്തിലാണു്. ആ ആക്ടിൻെറ കാലാവധി ഇപ്പോഴും കഴിഞ്ഞിരിക്കുകയാണു്, അതുകൊണ്ടു് കേരളമൊട്ടുക്കു് ബാധകമാകുന്ന തരത്തിൽ പുതുതായി ഒരു നിയമം കൊണ്ടുവരാൻ ആലോചിക്കുന്നുണ്ടു്.

വെറ്ററിനറി ഡിസ്പെൻസറികൾ

* 156. [12] ശ്രീ. എം. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ക്ഷീരവികസനമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര വെറ്ററിനറി ഡിസ്പെൻസറികളുടെ പണി പൂർത്തിയാകും;

LIBRARY ARCHIVES Kerala Legislative Assembly